**ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിൽ**

**അപ്രന്റീസ്ഷിപ്പിന് (പെയ്ഡ് ഇന്റേൺഷിപ്പിന്) അപേക്ഷ ക്ഷണിക്കുന്നു**

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിൽ പ്രസിദ്ധീകരണം, ഇലക്ട്രോണിക് മാദ്ധ്യമം, പരസ്യം, വാർത്താവിഭാഗം, ഫീൽഡ് പബ്ലിസിറ്റി, മാദ്ധ്യമനിരീക്ഷണം തുടങ്ങിയ പബ്ലിക് റിലേഷൻസിന്റെ വ്യത്യസ്തമേഖലകളിൽ ആറുമാസത്തെ അപ്രന്റീസ്ഷിപ്പിന് അവസരം. ജേർണലിസം, പബ്ലിക് റിലേഷൻസ് എന്നീ വിഷയങ്ങളിൽ ബിരുദം, ബിരുദാനന്തരബിരുദം, അംഗീകൃതസ്ഥാപനങ്ങളിൽനിന്ന് പിജി ഡിപ്ലോമ എന്നിവയിൽ കുറഞ്ഞത് 50 ശതമാനം മാർക്കു നേടി ജയിച്ചവർക്ക് അപേക്ഷിക്കാം. അപേക്ഷകർക്ക് 2019 നവംബർ 1-ന് 30 വയസു കവിയരുത്. മലയാളം, ഇംഗ്ലിഷ് ഭാഷകൾ സുഗമമായി കൈകാര്യം ചെയ്യാൻ കഴിയണം. അപേക്ഷകർ സ്വന്തമായി സ്മാർട്ട് ഫോണും ഇന്റർനെറ്റ് ഡേറ്റ കണക്ഷനും ഉള്ളവരായിരിക്കണം. എഴുത്തുപരീക്ഷയും അഭിമുഖവും നടത്തിയാകും യോഗ്യരെ തെരഞ്ഞെടുക്കുക. വകുപ്പിന്റെ ഡയറക്ടറേറ്റിലും ജില്ലാ ഓഫീസുകളിലുമായാണു പരിശീലനം. പരിശീലനത്തിന്റെ ഭാഗമായി പ്രൊജക്റ്റുവർക്കും ഉണ്ടാകും. പ്രതിമാസം 5000 രൂപയാണ് സ്റ്റൈപ്പന്റ്. അപ്രന്റീസ്ഷിപ്പ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നല്കും.

താല്പര്യമുള്ളവർ മാർക്കുകൾ ഉൾപ്പെടെയുള്ള യോഗ്യതാസർട്ടിഫിക്കറ്റിന്റെ പകർപ്പുസഹിതം നവംബർ 22-നുമുമ്പ് കിട്ടത്തക്കവിധം 'ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, സൗത്ത് ബ്ലോക്ക്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം – 1' എന്ന വിലാസത്തിൽ അപേക്ഷിക്കണം. കവറിന്റെ പുറത്ത് അപ്രന്റീസ്ഷിപ്പ് എന്നു കാണിച്ചിരിക്കണം. അഭിമുഖത്തിലൂടെ ആയിരിക്കും തെരഞ്ഞെടുപ്പ്. തെരഞ്ഞെടുക്കപ്പെടുന്നവരെ വിവരം അറിയിക്കും. അറിയിപ്പിൽ പറയുന്ന തീയതിയിലും സമയത്തും അപ്രന്റീസായി ചേരാൻ തയ്യാറായി എത്തിച്ചേരണം.

ജോലികിട്ടിയോ മറ്റു കാരണത്താലോ ഇന്റേൺഷിപ്പ് ഇടയ്ക്കുവച്ചു മതിയാക്കുന്നവർ 15 ദിവസത്തെ നോട്ടീസ് നല്കണം. ഏതെങ്കിലും ഘട്ടത്തിൽ പ്രവർത്തനം തൃപ്തികരമല്ലെന്നു കാണുകയോ അപ്രന്റീസായി തുടരാൻ അനുവദിക്കാനാവാത്ത മറ്റെന്തെങ്കിലും കാരണം ഉണ്ടാകുകയോ ചെയ്താൽ അവരെ മുന്നറിയിപ്പില്ലാതെ അപ്രന്റീസ്ഷിപ്പിൽനിന്ന് ഒഴിവാക്കും. ഇടയ്ക്കുവച്ച് അവസാനിപ്പിക്കേണ്ടിവരുന്നവർക്ക് പൂർത്തിയാക്കിയ ദിവസത്തെ സർട്ടിഫിക്കറ്റ് നല്കും. ഇക്കാര്യത്തിൽ തീരുമാനം എടുക്കാനുള്ള അവകാശം വകുപ്പിനായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9496003235, 0471 2518471 എന്നീ നമ്പരുകളിൽ ബന്ധപ്പെടാം.

## ഐ-പിആർഡിയിൽ അപ്രന്റീസ്ഷിപ്പിനുള്ള അപേക്ഷ

അപേക്ഷകയുടെ/ന്റെ പേര്: ലിംഗവിഭാഗം:

മേൽവിലാസം:

ഫോൺ: ഇ-മെയിൽ:

2019 നവംബർ 1-ലെ വയസ്: ജനനത്തീയതി:

വിദ്യാഭ്യാസയോഗ്യത (മാർക്കിന്റെ വിവരങ്ങൾ സഹിതം):

ഉൾക്കൊള്ളിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളുടെ വിവരം:

നന്നായി എഴുതാനും വായിക്കാനും കഴിയുന്ന ഭാഷകൾ:

മറ്റു പ്രസക്തമായ വിവരങ്ങൾ ഉണ്ടെങ്കിൽ അത്:

അപേക്ഷകയുടെ/ന്റെ ഒപ്പ്:

സ്ഥലം:

തീയതി: